## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 652

10-07-2014-ൽ മറുപടിയ്ക്ക്

## പകർച്ചപ്പനി തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ.എളമരം കരീം<br>ശ്രീ.വി. ശിവൻകുട്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഡെങ്കിപ്പനി, എലിപ്പനി, എച്ച് 1 എൻ1 തുടങ്ങിയ മാരകമായ പനികൾ ഉൾപ്പെടെ സംസ്ഥാനത്തു പകർച്ചപ്പനി വ്യാപകമായിക്കൊണ്ടിരിക്കുന്നത് തടയാൻ സർക്കാർ സംവിധാനം പരാജയപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) പരാജയപ്പെട്ടിട്ടില്ല. പകർച്ചവ്യാധിരോഗങ്ങൾ തടയാനുള്ള സർക്കാർ സംവിധാനം വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതിനാൽ പനിബാധിതരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി)സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ രോഗവ്യാപനം നിയന്ത്രിക്കുന്നതിൽ പരാജയപ്പെടാൻ കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) പ്രാഥമികാരോഗ്യകേന്ദ്രം, സി.എച്ച്.സി, സർക്കാർ ആശുപത്രി എന്നിവിടങ്ങളിലെ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ; ഫീൽഡ്തലത്തിലെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ച വ്യാധി നിരീക്ഷണം, ആരോഗ്യ ബോധവത്ക്കരണം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ കാര്യങ്ങൾ ചിട്ടയായി ചെയ്തുവരുന്നുണ്ട്. രോഗ ചികിത്സയ്ക്കാവശ്യമായ ഡോക്ടർമാർ, പാരാ മെഡിക്കൽ ജീവനക്കാർ, മരുന്ന്, ചികിത്സാ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി സർക്കാർ ആശുപത്രികളുടേയും, മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും : പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും വികസന പ്രവർത്തനങ്ങളും ചെയ്തുവരുന്നു. ആയതിനാൽ സർക്കാർ ആശുപത്രികൾ ശോച്യാവസ്ഥയിലാണെന്നും, രോഗവ്യാപന നിയന്ത്രണ പ്രവർത്തനങ്ങൾ പരാജയപ്പെട്ടുവെന്നും കരുതുന്നില്ല. |
| സി)അടിയന്തിരമായി താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനും വിവിധ തലങ്ങളിലുള്ള ആശുപത്രികൾക്ക് മരുന്ന് എത്തിച്ചു നൽകാനും നടപടിയെടുക്കുമോ; | (സി) നടപടി എടുത്തിട്ടുണ്ട്. സർക്കാർ ആശുപത്രി, പി.എച്ച്.സി. സി.എച്ച്.സി എന്നിവിടങ്ങളിൽ രോഗ ചികിത്സക്ക് ആവശ്യമായ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ലബോറട്ടറി പരിശോധന സംവിധാനങ്ങൾ, ആവശ്യമരുന്നുകൾ തുടങ്ങിയവ എത്തിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ KMSCL വഴി ലഭ്യമാക്കുന്നതിനു പുറമേ പോരായ്മകൾ ഉണ്ടെങ്കിൽ RSBY ഫണ്ട് വഴിയും, സർക്കാരിൽ നിന്നും ലഭ്യമാക്കിയ അധിക ഫണ്ടുകൾ വഴി ലോക്കൽ പർച്ചേയ്സ് നടത്തിയും ലഭ്യമാക്കുന്നുണ്ട് . പകർച്ചവ്യാധി നിയന്ത്രണത്തിനായി ഡോക്ടർമാർ ഉൾപ്പെടെ അധിക ജീവനക്കാരെ 2012 മുതൽ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) യഥാസമയം രോഗപ്രതിരോധ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കാമോ ? | (ഡി) കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ